**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2082** **11-10-2021 - ൽ മറുപടിയ്ക്ക്**

**മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ ഓങ്കോളജി വിഭാഗത്തിന് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലെ ഓങ്കോളജി വിഭാഗത്തിന് കെട്ടിടം പണിയുന്നതിന് 2019-20 ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നോ എന്നത് വിശദാംശങ്ങൾ സഹിതം അറിയിക്കാമോ; | (എ) | 2019-20 സാമ്പത്തിക വർഷത്തിൽ എറണാകുളം ജില്ലയിലെ മുവാറ്റുപുഴ ജനറൽ ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന് കെട്ടിടം നിർമ്മിക്കുന്നതിന് ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 5 കോടി രൂപ അടങ്കൽ തുക ഉൾക്കൊള്ളിച്ചതിൽ ഒരു കോടി രൂപ വകയിരുത്തിയിരുന്നു. |
| (ബി) | ഈ പദ്ധതി യഥാസമയം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ; കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ കാരണങ്ങൾ അറിയിക്കാമോ; | (ബി) | മണ്ണ് പരിശോധന പൂർത്തിയാക്കി പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റും പ്ലാനും ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (സി) | മണ്ണ് പരിശോധന പൂർത്തിയാക്കി പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റും പ്ലാനും ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ